# കേരള സർക്കാർ

## സംഗ്രഹം

വനിത ശിശു വികസന വകുപ്പ് - 2024-25 സാമ്പത്തിക വർഷം വിജ്ഞാനദീപ്തി സ്റ്റേറ്റ് സ്പോൺസർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിത ശിശു വികസന (സി) വകുപ്പ്

**G.O.(Rt)no.243/2024/WCDD** **Dated,18/07/2024**

---

എ.എസ് നമ്പർ : AS/WCD/24/35835 കാലാവധി : 31/03/2025

പരാമർശം:-1.വനിത ശിശു വികസന ഡയറക്ടറുടെ 09/04/2024-ലെ DWCD/1930/2024–ICPS 13 നമ്പർ കത്ത്
2. 26/06/2024-ാം തീയതിയിലെ ഒന്നാം ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടികുറിപ്പ്

AS/WCD/24/35835

## ഉത്തരവ്

കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയവും വനിതാ ശിശു വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതി മുഖേന ജെ.ജെ. ആക്ടിന്റെ പരിധിയിൽ വരുന്ന 18 വയസ്സു വരെ പ്രായമുള്ള കുട്ടികളുടെ സ്ഥാപനേതര സംരക്ഷണം ഉറപ്പാക്കുന്നതിനും സാമ്പത്തിക പരാധീനത മൂലം വിദ്യാഭ്യാസം നേടാൻ കഴിയാത്ത കുട്ടികൾക്ക് പഠനം ഉറപ്പാക്കുന്നതിനുമായി പ്രതിമാസം 2000/- രൂപ ധനസഹായം നൽകുന്ന സ്പോൺസർഷിപ്പ് പദ്ധതി 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. 2024-25 സാമ്പത്തിക വർഷം സ്ഥാപനേതര സംരക്ഷണത്തിന് പ്രാധാന്യം നൽകി വിജ്ഞാനദീപ്തിയിൽ 1000 കുട്ടികൾക്ക് 2000/- രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് 2,40,00,000/- (രണ്ട് കോടി നാല്പത് ലക്ഷം രൂപ മാത്രം) 2235–02–102–36(P) 02 ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | വിജ്ഞാനദീപ്തി സംസ്ഥാന സ്പോൺസർഷിപ്പ് പദ്ധതി | 2,40,00,000 |
| ആകെ (രണ്ട് കോടി നാല്പത് ലക്ഷം രൂപ) | | **2,40,00,000** |

സാമ്പത്തിക അവലോകനം

നടപ്പ് സാമ്പത്തിക വർഷം വിജ്ഞാനദീപ്തി പദ്ധതി നടപ്പിലാക്കുന്നതിന് ചുവടെ പറയും പ്രകാരം ചെലവ് പ്രതീക്ഷിക്കുന്നു.

1000 കുട്ടികൾക്ക് 2000/- രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക്
(1000 * 2000 * 12) = 2,40,00,000/-

ആകെ തുക 2,40,00,000/-

2) 26/06/2024-ലെ ഒന്നാം ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് പ്രസ്തുത പ്രപ്പോസൽ പരിശോധിച്ച് പരാമർശം (2) പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട് (ഇനം 12 ). പ്രസ്തുത സാഹചര്യത്തിൽ, 2024-25 സാമ്പത്തിക വർഷം സ്ഥാപനേതര സംരക്ഷണത്തിന് പ്രാധാന്യം നൽകി വിജ്ഞാനദീപ്തിയിൽ 1000 കുട്ടികൾക്ക് 2000/- രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് 2,40,00,000/- (രണ്ട് കോടി നാല്പത് ലക്ഷം രൂപ മാത്രം) 2235-02-102-36(P) 02 ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

AS/WCD/24/35835

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

സന്തോഷ് കുമാർ റ്റി. കെ
അഡീഷണൽ സെക്രട്ടറി
Women and Child Development

To
ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
അക്കൌണ്ടന്റ് ജനറൽ(ജി & എസ്.എസ്. എ/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വനിത ശിശു വികസന (എ) വകുപ്പ്
വെബ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഓർഡർ പ്രകാരം കൈമാറി,
Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2024.07.19 05:53:34 +05:30

AS/WCD/24/35835